വിദേശകപ്പലുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

100 [2710] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഇന്ത്യൻ കമ്പനികൾ വിദേശ കപ്പലുകൾ വാടകയ്ക്കെടുത്ത് മൽസ്യബന്ധനം നടത്തുന്നുണ്ട്;

(ബി) ഇവയെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻഡ്യൻ കമ്പനികൾ വിദേശ കപ്പലുകൾ വാടകയ്ക്കെടുത്തു മൽസ്യബന്ധനം നടത്തുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

2003-04, 2004-05 വർഷങ്ങളിൽ പിടിച്ച മൽസ്യത്തിന്റെ അളവ്

101 [2711] ശ്രീ. ജി. കാർത്തികേയൻ
,, കെ. ബാബു:
,, വി. ഡി. സതീശൻ:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04, 2004-05 എന്നീ വർഷങ്ങളിൽ എത്ര ടൺ വീതം ചെമ്മീനും കണവയും പിടിച്ചു;

(ബി) ഈ കാലത്ത് പിടിച്ചിട്ടുള്ള മറ്റ് പ്രധാന മൽസ്യങ്ങൾ എത്ര ടൺ വീതം ഉണ്ടായിരുന്നു എന്ന് പറയാമോ;

(സി) 2003-04-നെ അപേക്ഷിച്ച് 2004-05-ൽ പിടിച്ച മൽസ്യങ്ങളുടെ അളവിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തെന്ന് പറയാമോ?

ഉത്തരം

(എ) 2003-04, 2004-05 എന്നീ വർഷങ്ങളിൽ പിടിച്ച ചെമ്മീനിനേയും കണവയുടേയും അളവ് താഴെ കൊടുക്കുന്നു:

ഇനം	പിടിച്ച മൽസ്യത്തിന്റെ അളവ് (ടണ്ണിൽ)	
	2003-04	2004-05
1. ചെമ്മീൻ	56731	56717
2. കണവ	16147	15939

LIBRARY ARCHIVES Kerala Legislative Assembly